**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3029

22/02/2016 - ൽ മറുപടിക്ക്

## മൈക്രോ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീ മിഷന് കീഴിൽ എത്ര മൈക്രോ സംരംഭങ്ങളാണുള്ളത്; അവ വ്യക്തിഗത സംരംഭം, ഗ്രൂപ്പ് സംരംഭം എന്നിങ്ങനെ തരംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തൊട്ടാകെ 32000 മൈക്രോ സംരംഭങ്ങൾ കുടുംബശ്രീ മിഷനു കീഴിൽ ഉണ്ട്. ഇതിൽ കുടുംബശ്രീ മിഷൻ സബ്സിഡി നൽകി പ്രവർത്തിക്കുന്ന 15,175 ഗ്രൂപ്പ് സംരംഭങ്ങളും, 4209 വ്യക്തിഗത സംരംഭങ്ങളുമാണുള്ളത്. ബാക്കി സംരംഭങ്ങൾ അയൽക്കൂട്ടങ്ങളുടെ ആന്തരിക വായ്പയിൽ നിന്നോ ലിങ്കേജ് ലോൺ വഴിയോ ഇതര സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തിൽനിന്നോ മൂലധനം കണ്ടെത്തി ആരംഭിച്ച സംരംഭങ്ങളാണ്. |
| (ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സംരംഭങ്ങൾക്കായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) 2015 - 16 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീസംരംഭങ്ങൾക്കായി 1.27 കോടി രൂപ വകയിരുത്തിയിരുന്നു. ഇനം തിരിച്ചുള്ള കണക്ക് സംബന്ധിച്ച് വിവരം ശേഖരിച്ച് വരുന്നു. |
| (സി) മേല്പറഞ്ഞ സൂക്ഷ്മസംരംഭങ്ങൾക്കായി ഗവൺമെന്റ് എന്തെല്ലാം സാമ്പത്തികേതര സഹായങ്ങളാണ് നല്കിവരുന്നത്; | (സി) കുടുംബശ്രീ സംരംഭങ്ങൾക്ക് സർക്കാർ മുൻഗണന നൽകുന്നുണ്ട്. സർക്കാരിന്റെ ഡേറ്റാ എൻട്രി വർക്കുകൾ കുടുംബശ്രീ ഐ.റ്റി യൂണിറ്റുകളെയും സർക്കാർ ഓഫീസുകളിലെ കാന്റീൻ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ കാന്റീൻ യൂണിറ്റുകൾക്കും മുൻഗണന നൽകുന്നുണ്ട്. |
| (ഡി) കുടുംബശ്രീമിഷൻ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത യൂണിറ്റുകൾക്ക് നല്കിവരുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) കുടുംബശ്രീ മിഷൻ പ്രസ്തുത യൂണിറ്റുകൾക്ക് പരിശീലനം, ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനാവശ്യമായ സഹായം, വിപണനത്തിനാവശ്യമായ സഹായം, സബ്സിഡിയും ഇതര സാമ്പത്തിക സഹായവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ.